## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3311** **09/04/2013-ൽ മറുപടിക്ക്**

<u>സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെങ്കിലും സ്കൂളുകളെ സമഗ്ര വിദ്യാഭ്യാസ പദ്ധതി, സ്കൂൾ വികസന പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ടോ ;<br><br>(ബി) അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയും പഴകി ജീർണ്ണിച്ച കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ ? | <u>(എ) ആന്റ് (ബി)</u><br><br>സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ നിയോജക മണ്ഡലങ്ങളെയാണ് ഉൾപ്പെടുത്തുന്നത്, സ്കൂളുകളെയല്ല. നിയോജക മണ്ഡലത്തിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ഒന്നാം ക്ലാസ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ പഠനത്തിൽ ഗുണപരമായ മേന്മ ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണിത്. നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.യുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഉൾപ്പെടുത്തുന്നത്. ചാലക്കുടി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.യുടെ അപേക്ഷ ലഭിച്ചാൽ മാത്രമേ മണ്ഡലത്തെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുകയുള്ളൂ. |

Sreedevi

**സെക്ഷൻ ഓഫീസർ**